ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക പ്രൊമോഷൻ

20 (*199)ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അദ്ധ്യയന വർഷം ആരംഭിച്ചശേഷം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പൽ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ പ്രൊമോഷൻ നടത്തി നിയമനം നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം എന്തെന്നു വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലാണ് ഇപ്പോൾ പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രിൻസിപ്പിൽ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ കോളേജുകളുടെ ഭരണപരമായ കാര്യങ്ങൾ മുടങ്ങിയിരിക്കുന്നതും വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ആളില്ലാത്ത അവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിലനിൽക്കുന്ന ഈ ദുരവസ്ഥ ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റി കൂടി റഗുലറായി മാത്രമേ പ്രൊമോഷൻ നടത്താവൂ എന്ന നിബന്ധനയുള്ളതിനാൽ നടപടി ക്രമങ്ങളിലുണ്ടാകുന്ന കാലതാമസമാണിതിനു കാരണം.

(സി) 1. കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്
2. തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്
3. കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

(ഡി)&(ഇ) കോളേജുകളുടെ ദൈനംദിന പ്രവർത്തനത്തിന് തടസ്സമുണ്ടാകാതിരിക്കുന്നതിനായി അതാതു കോളേജിലെ സീനിയർ പ്രൊഫസർമാർക്ക് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. അതിനാൽ അവിടെ അദ്ധ്യയനരംഗത്തോ ഭരണപരമായ കാര്യങ്ങളിലോ എന്തെങ്കിലും പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള ഒഴിവുകൾ ഉടൻ തന്നെ നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly